(ബി) ജോയിന്റ് ഡയറക്ടർ-3, ഓഡിറ്റ് ഓഫീസർ-1, ഓഡിറ്റർ-2, ടൈപ്പിസ്റ്റ്-3, പ്യൂൺ-3 എന്നീ തസ്തികകൾ ആണ് സൃഷ്ടിച്ചിട്ടുള്ളത്.

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് വിഭാഗങ്ങൾ കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, എറണാകുളം, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ എന്നിവിടങ്ങളിൽ ശ്രീകരിക്കുന്നതിനാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചത്.

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സംരംഭക വികസന മിഷൻ

147 (7983) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. പാലോട് രവി :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സംരംഭക വികസന മിഷൻ പ്രവർത്തിച്ച് വരുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) യുവസംരംഭകരെ കണ്ടെത്താൻ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം മേഖലകളിലുള്ള സംരംഭകർക്കാണ് മിഷന്റെ ധനസഹായങ്ങൾ ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സംരംഭകർക്ക് നൽകുന്ന പലിശരഹിത സാമ്പത്തിക സഹായങ്ങളെ കുറിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 50,000 യുവജനങ്ങൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകി 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും അഞ്ച് ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലക്ഷ്യമാക്കുന്ന കേരള സംസ്ഥാന സംരംഭക വികസന മിഷൻ, 2011-12-ലെ കേരള സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 8-12-2011-ലെ ജി.ഒ. (എംഎസ്.) 590/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വരികയും ചെയ്തു. യുവാക്കൾക്കിടയിൽ കാര്യപ്രാപ്തിയും ആത്മവിശ്വാസവും സംരംഭകത്വവും വളർത്തി അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മക്ക് ക്രിയാത്മകമായ പരിഹാരം ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനാണ് നോഡൽ ഏജൻസി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിഷനിലേക്ക് സംരംഭകരെ കണ്ടെത്താനായി അതാത് ജില്ലകളിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ.-കൾ തുടങ്ങിയവ കേന്ദ്രീകരിച്ചു പ്രചരണം നടത്തുകയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, വ്യവസായ അസോസിയേഷനുകൾ തുടങ്ങിയവ വഴി ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണവും യുവജനങ്ങൾക്കായി സംഘടിപ്പിക്കുന്ന പരിപാടികളിൽ മിഷനെ സംബന്ധിച്ചുള്ള വീഡിയോ/ബാനർ പ്രദർശനവും ലഘുരേഖ വിതരണവും ക്ലാസ്/പ്രസന്റേഷനും നടത്താറുണ്ട്.

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അണു/സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്യപ്പെടാവുന്ന പുതിയ പദ്ധതികളേയും കാർഷികാധിഷ്ഠിത വ്യവസായ പദ്ധതികളെയും മിഷനിൽ പരിഗണിക്കുന്നതാണ്. വ്യാപാരം, ഗതാഗതം, ഫാമിംഗ്, മൽസ്യകൃഷി തുടങ്ങിയവയെ പരിഗണിക്കുന്നതല്ല. 18-നും 40-നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽരഹിതരായ, നല്ല ആശയങ്ങളുള്ള, വ്യവസായരംഗത്ത് പുതുതായി എത്തുന്ന യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. +2/ വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5 പേർ അടങ്ങിയ ഗ്രൂപ്പുകളായിട്ടാണ് അപേക്ഷിക്കേണ്ടത്.

www.kfc.org-എന്ന വെബ്സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ചീഫ് മാനേജർ മുതലായവർ അടങ്ങിയ കമ്മിറ്റി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വച്ച് അഭിമുഖം നടത്തുകയും ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായിരിക്കും ലോണിന് അർഹത.

(ഡി) പദ്ധതി തുകയുടെ 90% തുക സഹായം ഒരു സംരംഭകന് 4 ലക്ഷം എന്ന കണക്കിൽ 5 പേരുള്ള ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. ഒരാൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ നൽകും. ഒരു വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 5 വർഷമാണ് തിരിച്ചടവ് കാലാവധി. പലിശ രഹിത വായ്പയാണ് അനുവദിക്കുന്നത്. വായ്പയുടെ പലിശ സർക്കാർ നൽകുന്നതാണ്.